സാഹിത്യവാരഫലം

2002/05/24 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

2002/05/24-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.

മേ മാസം 6-ാം തീയതിയിലെ ന്യൂസ് വീക്കിലെ ‘Is Magical Realism Dead’ എന്ന ലേഖനം സാഹിത്യവൃത്തങ്ങളിൽ വൈകാരിക വിക്ഷോഭം ഉളവാക്കിയിരിക്കുന്നു. മാജിക് റിയലിസത്തിന്റെ ഉദ്ഘോഷകനായ മാർകേസും അദ്ദേഹത്തിന്റെ ആ പ്രസ്ഥാനവും അപ്രത്യക്ഷമായിക്കഴിഞ്ഞു അല്ലെങ്കിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു എന്ന് സമർത്ഥിക്കാൻ യത്നിക്കുന്ന പ്രബന്ധമാണത്. വിശ്വസനീയവും യഥാതഥവുമായ റിപോർട്ടിങ്ങിന്റെ അടുത്തായി ഭ്രമകല്പനകൾ വച്ചാണ് മാജിക് റിയലിസം നിർമ്മിക്കുന്നത്. മാർകേസിന്റെ ‘One Hundred Years of Solitude’ എന്ന നോവലിൽ അന്തരീക്ഷത്തിലേക്ക തനിയെ ഉയരുന്ന പുരോഹിതന്മാരുണ്ട്. സ്വർഗ്ഗത്തേക്ക പൊങ്ങിപ്പോകുന്ന യുവതിയുണ്ട്. അനേകം വർഷങ്ങൾ നില്ലാതെ പെയ്യുന്ന മഴയുമുണ്ട്. തെക്കേയമേരിക്കയുടെ യാഥാതഥ്യത്തെ അനുവാചകർക്ക പകർന്നുകൊടുക്കാൻ വെറും റിയലിസം പോരെന്ന വിശ്വാസത്തിൽ നിന്നാണ് മാജിക് റിയലിസത്തിന്റെ ജനനം. കലയുളവാക്കുന്ന വിശ്വാസത്തോടുകൂടി ഈ ‘മാന്ത്രിക യാഥാർത്ഥ്യം’ ചിത്രീകരിച്ചാൽ ജനത അതംഗീകരിക്കുമെന്ന് മാർകേസ് പ്രഖ്യാപിച്ചിട്ടുണ്ട്.



മാർകേസ്

ഫൂഗത് (Fuguet) എന്ന എഴുത്തുകാരനും കൂട്ടുകാരും ഉദ്ഘാടനം ചെയ്ത മക്ഒൺദോ (Mc Ondo) എന്ന നൂതന പ്രസ്ഥാനമാണത്രേ മാർകേസിന്റെ മാജിക് റിയലിസത്തിന് നേരേ വെല്ലുവിളി നടത്തുന്നത്. മാർകേസ് ‘One Hundred Years of Solitude’ എന്ന നോവലിലൂടെ 1970-ൽ പ്രചരിപ്പിച്ച മാജിക് റിയലിസത്തിനുശേഷം ലോകത്ത് പല പരിവർത്തനങ്ങൾ വന്നുവെന്ന് ‘ന്യൂസ്‌വീക്ക്’ ലേഖകൻ പറയുന്നു. ആ നോവലിൽ മാകോൺദോ എന്ന സാങ്കല്പിക നഗരത്തിന്റെ (Macondo) ഉദ്ഭവവും നാശവുമാണ് നോവലിസ്റ്റ് ചിത്രീകരിക്കുന്നത്. ബ്വേൻദീയാ (Buendia) കുടുംബം 1820-ൽ രൂപംകൊടുത്ത ആ നഗരം 1920 വരെ വിരാജിച്ചു. 1920-ൽ ഉണ്ടായ കൊടുങ്കാറ്റ് അതിനെ നശിപ്പിക്കുമ്പോൾ നോവൽ അവസാനിക്കുന്നു. ഇവിടെയാണ് സ്വേച്ഛാധിപതികൾ മരിക്കാതെ അഴുകുന്നത്, കൃഷിക്കാർ പ്രേതങ്ങളുമായി സമ്പർക്കത്തിലേർപ്പെടുന്നത്. ഫൂഗതിന്റെ പുതിയ പ്രസ്ഥാനം 1996-ൽ രൂപവത്കരിക്കപ്പെട്ടു. മുപ്പത്തിയഞ്ചു വയസ്സിനു താഴെയുള്ള പതിനെട്ടു എഴുത്തുകാർ മക്ഒൺദോ എന്ന പേരിൽ ഒരു കഥാസമാഹാരം പ്രസാധനം ചെയ്തപ്പോൾ ഈ പ്രസ്ഥാനം ആവിർഭവിച്ചുവെന്നാണ് ലേഖകൻ പറയുന്നത്. ഇപ്പോൾ അവർ മക്ഒൺദോ എഴുത്തുകാർ എന്ന പേരിൽ അറിയപ്പെടുന്നു. ഇവർ ആവിർഭവിച്ചപ്പോൾ മാജിക് റിയലിസത്തിന്റെ മാജിക് ഇല്ലാതെയായി. “Mc Ondo slammed the door on magical realism” എന്ന് പ്രബന്ധത്തിൽ മാർകേസ് ചിത്രീകരിച്ച ലാറ്റിൻ അമേരിക്കയെക്കാൾ സത്യാത്മകമാണ് മക്ഒൺദോ കൃതികളിലെ ലാറ്റിനമേരിക്കയെന്ന് ആ എഴുത്തുകാർ വാദിക്കുന്നു.

മാർകേസ് നോവലെഴുതുന്ന കാലത്തെ ലാറ്റിനമേരിക്കയല്ല ഇന്നത്തെ ലാറ്റിനമേരിക്കയെന്നും അതു സമ്പൂർണ്ണമായി ആധുനികീകരിക്കപ്പെട്ടുവെന്നുമാണ് മക്ഒൺദോയുടെ വാദം. കൂടാതെ മാജിക് റിയലിസം ഉറങ്ങുന്ന, അപ്രത്യക്ഷമാകുന്ന ഒരു ലോകത്തെയാണ് ആവിഷ്കരിച്ചതെന്നും അതിന് ഇന്നു സത്യാത്മകതയില്ലെന്നും മക്ഒൺദോ പറയുന്നു. ബ്വേൻദീയ കുടുംബത്തിലെ പ്രായംകൂടിയ ഒരംഗം മരിക്കുമ്പോൾ മഞ്ഞപ്പൂക്കളുടെ പതനം അന്തരീക്ഷത്തിൽ നിന്ന് ഉണ്ടായിയെന്നും അതു തെരുവുകളെയാകെ ആവരണം ചെയ്തുവെന്നും മാർകേസ് പറയുന്നു. അയാളുടെ ചോര വീട്ടിൽ നിന്ന് നൂലുപോലെ റോഡിലൂടെ ഒഴുകിയെന്നും വളവുകളിലൂടെ തെറ്റാതെ അതു പ്രവഹിച്ചെന്നും മരിച്ചയാളിന്റെ അമ്മയുടെ അടുക്കളയിൽ ചെന്നുവെന്നും നോവലിൽ കാണുന്നു. ആ അമ്മയാകട്ടെ അപ്പോൾ മുപ്പത്തിയാറു മുട്ടകൾ ഉടച്ച് റൊട്ടിയുണ്ടാക്കാൻ ഭാവിക്കുകയായിരുന്നു. ഈ സംഭവത്തിലെ നിദ്രാവസ്ഥ ഇന്നത്തെ ഉണർന്ന അവസ്ഥയ്ക്ക് യോജിക്കുന്നില്ലെന്ന് മക്ഒൺദോ പ്രഖ്യാപിക്കുന്നു. മാജിക് റിയലിസത്തിന്റെ ജനനത്തിന് കാരണങ്ങൾ ഉണ്ടായിരുന്നു. ആ കാരണങ്ങൾ ഇന്നു അപ്രത്യക്ഷങ്ങളായിരിക്കുന്നതിനാൽ ആ പ്രസ്ഥാനവും അപ്രത്യക്ഷമായി എന്നാണ് മക്ഒൺദോയുടെ പ്രഖ്യാപനം. ഈ നൂതനത്വം ജനസമ്മതി നേടിയിട്ടുണ്ടെങ്കിലും ലോകമാകെയുള്ള മാജിക് റിയലിസത്തിന്റെ ആകർഷകത്വത്തിന് ന്യൂനത സംഭവിക്കാനിടയില്ല എന്നും മക്ഒൺദോ സമ്മതിക്കുന്നു.



ഇവിടെ ഒരു കാര്യം മക്ഒൺദോ കരുതിക്കൂട്ടി വിസ്മരിക്കുകയാണ്. മാർകേസിന്റെ നോവൽ ലാറ്റിനമേരിക്കയുടെ പരിധികളിൽ ഒതുങ്ങിനില്ലാത്ത അസാധാരണമായ കൃതിയാണ്. ടോൾസ്റ്റോയിയുടെ ‘വാർ ആൻഡ് പീസ്’, ‘അന്നാകരേനിന’ ഇവയെപ്പോലെ, ജോയിസിന്റെ ‘യുലിസ്സിസിനെ’ (Ulysses) പോലെ World text ആണ്. യുലിസ്സിസിന് ഐറിഷ് നോവൽ എന്ന പേര് അസംബന്ധമായിരിക്കുന്നതുപോലെ മാർകേസിന്റെ നോവലിന് കൊളംബിയൻ നോവൽ എന്ന പേരും അസംബന്ധമത്രേ. മോബിഡിക്ക്, ദ് മാൻ വിത്തൗട്ട് ക്വാളിറ്റീസ് (മ്യൂസിലെഴുതിയത്) ഇവ വെറും നോവലുകളല്ല. മാർകേസിന്റെ കൃതിപോലെ അവയും World texts-ആണ്. ദേശമോ രാഷ്ട്രമോ അത്തരം കൃതികൾക്ക് പരിധി കല്പിക്കുന്നില്ല. ലോകത്തിനാകെ അപ്രമേയ പ്രഭാവമുണ്ടല്ലോ. ആ പ്രഭാവമാണ് world texts-നുള്ളത്. അത് നശിക്കുകയില്ല. നശിക്കുമെന്ന് കരുതുന്നത് ശുദ്ധമായ മണ്ടത്തരം. മാജിക് റിയലിസമെന്നത് ഒരാവിഷ്കാരശൈലിമാത്രം. അതിനുള്ള ആകർഷകത്വം പൊയ്പോയി എന്ന വാദവും ബുദ്ധിശൂന്യത. ന്യൂസ് വീക്കിലെ ലേഖനത്തിന് മറുപടിയായി വേറൊരു ലേഖനവും ആ വാരികയിൽത്തന്നെ കാണാം. അത് എഴുതിയ വില്യം കെന്നഡി മാർകേസിനെ കണ്ടപ്പോൾ അവർ നോവലിന്റെ മരണത്തെക്കുറിച്ചു സംസാരിച്ചു. സംഭാഷണത്തിനിടയ്ക്ക് മാർകേസ് പറഞ്ഞു: “നോവൽ മരിച്ചെന്ന് പറഞ്ഞാൽ നോവലല്ല മരിച്ചത്. അതു പറയുന്ന നിങ്ങളാണ്” കെന്നഡി മാർകേസിന്റെ ഈ മതത്തോടു യോജിച്ചുകൊണ്ട് എഴുതുന്നു: മക്ഒൺദോ എന്ന പിടിവാശിക്കാരൻ സ്വന്തം നാഡി (pulse) പിടിച്ചു നോക്കേണ്ടിയിരിക്കുന്നു.

ബീഭത്സം

ഡബ്ല്യു ഡബ്ല്യു ജേക്കബ്സ്

നിർമ്മലങ്ങളായ കാട്ടുപാതകളുണ്ട്. അരികുകളിൽ നിൽക്കുന്ന മരങ്ങളിൽ നിന്ന് ഇലകൾ അവയിൽ വീഴുന്നത് സാധാരണമാണ്. ആദ്യമായി ഒരില വീഴുന്നു. പിന്നീട് പല ഇലകൾ. ഇങ്ങനെ ജീർണ്ണപത്രങ്ങൾ വീണുവീണ് പാത മെത്തപോലെയാവുന്നു. രണ്ടടി കനമാർന്ന പത്രശയ്യകൾ ഞാൻ കണ്ടിട്ടുണ്ട്. ആദ്യം വീണ ഇലയുടെ സ്വഭാവം അതു കാണാൻ വയ്യാത്തതുകൊണ്ട് നമുക്ക് അറിയാൻ പാടില്ല. മനുഷ്യബുദ്ധി ഈ പാത പോലെയാണ്. ഒരു ഗ്രന്ഥം വായിക്കുന്നു. അതു ബുദ്ധിമാർഗ്ഗത്തിൽ പതിക്കുന്നു. പിന്നീട് വായിക്കുന്ന പുസ്തകങ്ങൾ ഒന്നിനു മേലെ മേലെ വീഴുന്നു അതിനാൽ ആദ്യം പതിച്ച ഗ്രന്ഥത്തിന്റെ സ്വഭാവം നിർണ്ണയിക്കാൻ വയ്യ. അതിന്റെ ഓർമ്മയും അവ്യക്തം. 1950-ന് അടുപ്പിച്ച ഏതോ വർഷത്തിലാണ് ഞാൻ ഇംഗ്ലീഷ് കഥാകാരനായ ഡബ്ല്യു ഡബ്ല്യു ജേക്കബ്സിന്റെ “The Monkey’s Paw” എന്ന ചെറുകഥ വായിച്ചത്. (പിന്നീട് അതിന്റെ നാടകരൂപവും വായിച്ചു) കുരങ്ങിന്റെ ചുക്കിച്ചുളിഞ്ഞ പാദം ഒരു കുടുംബത്തിനു കിട്ടുന്നു. അതിന് അത്ഭുതജനകമായ മാന്ത്രികസ്വഭാവമുണ്ട്: മൂന്നു ആഗ്രഹങ്ങൾക്ക് അതിന്റെ സഹായത്താൽ സാഫല്യമുണ്ടാകും. ഇത്രയും വസ്തുതകൾ സ്പഷ്ടം. ഇനിയുള്ള ഓർമ്മകൾ മറ്റു ഗ്രന്ഥപത്രങ്ങളുടെ പതനംകൊണ്ട് അസ്പഷ്ടങ്ങൾ കുടുംബത്തിന് ഇൻഷുറൻസ് തവണയോ മറ്റോ അടയ്ക്കാൻ പണം വേണം ഏതോ കുടുംബാംഗം നിർദ്ദേശിച്ചതനുസരിച്ച് ഗൃഹനായകൻ കുരങ്ങിൻ പാദമെടുത്ത് ആദ്യത്തെ ആഗ്രഹം പറഞ്ഞു. അല്പം കഴിഞ്ഞപ്പോൾ ഫാക്ടറിയിൽ ജോലിക്കുപോയ മകൻ യന്ത്രത്തിനിടയിൽപ്പെട്ടു മരിച്ചുവെന്ന് കുടുംബത്തിന് അറിവു കിട്ടി. സ്വല്പംകൂടി സമയം കഴിഞ്ഞു. മകന്റെ മരണത്തിനു ‘കോംപെൻസേഷനാ’യി (ക്ഷതിപൂരകമായി) ഇരുനൂറു പവൻ കമ്പനി കൊടുത്തയച്ചു. ദിവസങ്ങൾക്കുശേഷം ഒരു കുടുംബാംഗത്തിന്റെ പ്രേരണയനുസരിച്ച് ഗൃഹനായകൻ കുരങ്ങിൻ പാദമെടുത്ത് ‘മകൻ ജീവിച്ചു വരേണമേ’ എന്ന അഭിലാഷം വാക്കുകളിലൂടെ പ്രകടിപ്പിച്ചു. ഒച്ച കേട്ടുതുടങ്ങി. മകന്റെ വരവാണത്. ഭവനത്തിലുള്ളവർക്കു പേടിയായി. ഒച്ച കൂടിക്കൂടി വന്നപ്പോൾ സന്ത്രാസത്തിന്റെ തീക്ഷ്ണതയാൽ മകൻ വീണ്ടും ശവക്കുഴിയിൽ പ്രശാന്തതയോടുകൂടി കിടക്കട്ടെ എന്ന് അയാൾ ആഗ്രഹം ആവിഷ്കരിച്ചു. ക്രമേണ ഒച്ച കുറഞ്ഞു. കുറഞ്ഞു കുറഞ്ഞ് അതു തീരെയില്ലാതെയായി. ഇതുപോലെയൊരു horror story ഞാൻ വേറേ വായിച്ചിട്ടില്ല. ക്ലാസ്സിക്കായി പരിഗണിക്കപ്പെടുന്ന ഇക്കഥ വായനക്കാർ വായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.



മൂസിൽ

മനുഷ്യസ്വഭാവമാണ് അനുഗൃഹീതനായ ജേക്കബ്സ് ഇക്കഥയിലൂടെ ചിത്രീകരിക്കുന്നത്. എത്രതന്നെ സ്നേഹം തോന്നിയാലും മരിച്ചുപോയ ബന്ധു ഏതെങ്കിലും വിധത്തിൽ വീണ്ടും ജീവനാർന്ന് നമ്മളോടു ജീവിക്കാൻ വന്നാൽ നമുക്ക പേടിയാകും. പക്ഷേ, സാഹിത്യത്തിന്റെ കാര്യത്തിൽ മരിച്ചവർ വീണ്ടും ജീവിച്ചുവരുന്നതു നന്ന് എന്നു നമുക്കു തോന്നും. കുമാരനാശാനും വള്ളത്തോളും ഉള്ളൂരും ശങ്കരക്കുറുപ്പും വൈലോപ്പിള്ളിയുമൊക്കെ അവരുടെ മരണാവസ്ഥയിൽ നിന്നു മോചനമാർന്നു വീണ്ടും നമ്മുടെയിടയിൽ ജീവിച്ചെങ്കിൽ എന്തു നന്നായിരുന്നുവെന്ന് ഇപ്പോഴത്തെ കവിതകൾ വായിക്കുമ്പോൾ എനിക്കുതോന്നാറുണ്ട്. മലയാളം വാരികയിൽ വി. പി. മനോഹരൻ എഴുതിയ “ഗന്ധം” എന്ന കഥ വായിച്ചപ്പോൾ തകഴി ശിവശങ്കരപ്പിള്ളയും പി. കേശവദേവും വൈക്കം മുഹമ്മദ് ബഷീറും മരണത്തിൽ നിന്ന് എഴുന്നേറ്റ് യഥാക്രമം തകഴിയിലും പൂജപ്പുരയിലും കോഴിക്കോട്ടും ജീവിക്കാൻ തുടങ്ങിയെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചുപോയി. കാരൂരിന്റെ ‘മരപ്പാവകൾ’ എന്ന കഥ ഇതിനകം ക്ലാസ്സിക്കായി മാറിയിട്ടുണ്ടല്ലോ. കേരളത്തിൽ ഇപ്പോൾ കഥയെഴുതുന്നവരിൽ ഒരാളിനുപോലും അതുപോലെയൊരു ക്ലാസ്സിക് രചിക്കാൻ കഴിയാത്തത് എന്തുകൊണ്ട്?

മനോഹരന്റെ ‘ഗന്ധം’ എന്ന കഥ അസ്വാഭാവികതയാൽ കലയിലെ അനപേക്ഷണീയ ഘടകമായ ദൃഢപ്രത്യയത്തിന്റെ ഇല്ലായ്മയാൽ (belief) ബീഭത്സമത്രേ. ബീഭത്സം ഒരു രസമാണെങ്കിൽ ജുഗുപ്സാവഹം എന്ന് വേണ്ടവർ തിരുത്തിക്കൊള്ളട്ടെ. ഭാര്യയും ഭർത്താവും വിവാഹമോചനത്തിനു തീരുമാനിക്കുന്നു. കോടതിവിധി ഉണ്ടാകുന്ന ദിനംവരെ അവർ ഒരുമിച്ച് ഒരു വീട്ടിൽത്തന്നെ താമസിക്കാൻ നിശ്ചയിക്കുന്നു. സംഭവിക്കേണ്ടതു് സംഭവിക്കുന്നു. അവർ ക്രമേണ അടുക്കുന്നു. മനോഹരന്റെ സംഭാഷണങ്ങളും കൃത്രിമങ്ങളാണ്.

“ഒരേ തരംഗദൈർഘ്യത്തിൽ നമ്മൾ ചിന്തിച്ച ഒരേ ഒരു കാര്യം ഒരു പക്ഷേ, ഇതു മാത്രമായിരിക്കും”. എന്ന ഒരാൾ. “ശരിയാ… ഏതായാലും ഉഭയസമ്മതമായ ഒരു കാര്യമെന്ന നിലയിൽ ഒട്ടും വച്ചു നീട്ടണ്ട” എന്നു വേറൊരാൾ. പണ്ടത്തെ മലയാളം ഒൻപതാം ക്ലാസ്സ് പരീക്ഷയിൽ ജയിച്ചവർ അല്ലെങ്കിൽ തോറ്റവർ ഇമ്മട്ടിൽ സംസാരിച്ചു ഞാൻ കേട്ടിട്ടുണ്ട്. നിത്യ ജീവിതത്തിൽ ഈ സംഭാഷണമില്ല കലയുടെ ലോകത്തും ആരും ഇങ്ങനെ സംസാരിക്കാറില്ല ‘ചിന്താഭാര ക്ലാന്തതയാൽ ഭവതി ക്ഷുണ്ണഹൃദയയായി ശയനീയത്തിൽ ശയിക്കുന്നത് അസ്വാദ്യശന്മാർക്ക് സമാലോചനയ്ക്ക് അപ്രാപ്യമാണ്. എന്ന് കഥാകാരൻ എഴുതിയില്ലല്ലോ. ഭാഗ്യം! ഏതുകഥയ്ക്കും അത്ഭുതജനകമായ അനിവാര്യത ഉണ്ടായിരിക്കണം. മനം മറിപ്പിക്കുന്ന സർവ്വസാധാരണത്വമാണ് ഇക്കഥയ്ക്കുള്ളത്. ഇന്നത്തെ കഥയെഴുത്തുകാർ പേന തൊടാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു. (മനോഹരന്റെ രചന മലയാളം വാരികയിൽ)

ചോദ്യം, ഉത്തരം

ചോദ്യം: സമകാലീന ജീവിതത്തിന്റെ പ്രത്യേകത യെന്ത്?

ഉത്തരം: ആധിക്യമാണ് സമകാലിക ജീവിതത്തിന്റെ സവിശേഷത. നെയ്ത്തിരി കത്തിച്ചുവച്ച് പണ്ട് ഞാൻ വായിച്ചിരുന്നു. ഇന്നു നൂറു വാട്സ് ബൾബുണ്ടെങ്കിലേ വായിക്കാനാവൂ. പണ്ട് ഞാൻ കാളവണ്ടിയിൽ സഞ്ചരിച്ചു. ഇന്നു എനിക്കു വിമാനത്തിൽ പോകാനാണ് കൗതുകം. രചനയിൽ മിതം സാരം ച വചോഹി വാഗ്മിതാ—മിതവും സാരവത്തുമായ വാക്കാണ് വാഗ്മിത— എന്ന സാരസ്വതരഹസ്യം എഴുത്തുകാർ മനസ്സിലാക്കിയിരുന്നു. കാലത്തെസ്സംബന്ധിക്കുന്നത് കാലികം. സമകാലികം എന്ന പ്രയോഗിക്കുന്നത് നന്ന്. പ്രത്യേകതയ്ക്കു പകരമായി സവിശേഷത എന്നാവണം. പ്രതി + ഏകം = പ്രത്യേകം. each എന്ന അർത്ഥമേയുള്ളൂ അതിന്. excess-നെക്കുറിച്ച് പൊൾ വലേറി എഴുതിയ പ്രബന്ധം താങ്കൾ വായിക്കണം.

ചോദ്യം: മലയാളത്തിലെ കവികൾക്കുള്ള പ്രധാനപ്പെട്ട ദോഷമെന്ത്?

ഉത്തരം: കീർത്തി വർദ്ധിപ്പിക്കാൻ അവർ അശ്രാന്തപരിശ്രമം ചെയ്യുന്നു. വള്ളത്തോളും ചങ്ങമ്പുഴയും ഇടപ്പള്ളിയും ഇതു ചെയ്തിരുന്നില്ല. ജി. ശങ്കരക്കുറുപ്പ് തന്നാലാവും വിധം ഇതനുഷ്ഠിച്ചിരുന്നു. സാഹിത്യപരിഷത്തിന്റെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടിയിട്ട് അനേകം പ്രാദേശിക കവികളെക്കൊണ്ടു പ്രഭാഷണം ചെയ്യിപ്പിക്കുക, ശിഷ്യരെക്കൊണ്ട് തന്റെ കവിതയെക്കുറിച്ച് ലേഖനങ്ങൾ എഴുതിപ്പിക്കുക. ഗ്രന്ഥങ്ങൾ രചിപ്പിക്കുക ഇങ്ങനെ പലതും അദ്ദേഹത്തിന്റെ കൃത്യങ്ങളായിരുന്നു. ആനയ്ക്ക് അതിന്റെ ബലം അറിഞ്ഞുകൂടാ എന്നു പറയുന്നതുപോലെ ശങ്കരക്കുറുപ്പിന് തന്റെ കവിതയുടെ മഹനീയത അറിഞ്ഞുകൂടായിരുന്നു. മലയാളത്തിലെ ഒരേയൊരു Cosmic കവിയാണ് അദ്ദേഹം. അത് അദ്ദേഹത്തിന് അറിയാമായിരുന്നില്ല.

ചോദ്യം: കേരളത്തിൽ ഉന്നതനായ ഒരു ഉദ്യോഗസ്ഥൻ കേരള സർവീസ് റൂൾസ് ലംഘിച്ച് സർക്കാരിനെയും മന്ത്രിയെയും വിമർശിക്കുന്നതു ശരിയാണോ?

ഉത്തരം: ശരിയല്ല. സർക്കാരും മന്ത്രിയും തെറ്റുചെയ്താലും ഉദ്യോഗസ്ഥന് വിമർശിക്കാൻ പാടില്ല. വിമർശിക്കണമെങ്കിൽ ജോലി രാജിവയ്ക്കണം. ജോലിയിലിരിക്കുമ്പോൾ സർവീസിന്റെ ലിഖിതനിയമങ്ങൾക്കും അലിഖിതനിയമങ്ങൾക്കും ആ ഉദ്യോഗസ്ഥൻ അടിമയാണ്. ബ്യൂറോക്രസിയുടെ നിയമമതാണ്. ഒരു സാധാരണ ബോംബിട്ടാൽ മണൽക്കാടായി മാറുന്ന ചില കൊച്ചുരാജ്യങ്ങൾ അമേരിക്ക എന്ന Super power-നെ ഭീഷണിപ്പെടുത്തുമ്പോൾ എനിക്ക് ആ കൊച്ചുരാജ്യങ്ങളോടു പുച്ഛം തോന്നാറുണ്ട്. സർക്കാർ മഹാസ്ഥാപനമാണ്. അതു കൊടുക്കുന്ന ശമ്പളം പറ്റിക്കൊണ്ട് അതിനെയും മന്ത്രിയെയും വിമർശിക്കുന്നത് ശരിയല്ല. സി. പി. രാമസ്വാമിയുടെ കാലത്താണെങ്കിൽ ഇങ്ങനെ വിമർശിക്കുന്ന ഉദ്യോഗസ്ഥനെ explanation പോലും വാങ്ങാതെ ഡിസ്മിസ് ചെയ്യുമായിരുന്നു. നമ്മുടെ ജനാധിപത്യത്തിന്റെ പേരിൽ ഇക്കൂട്ടർ പുലരുന്നു.

ചോദ്യം: നാട്ടിലില്ല് അമിതമായ താൽപര്യമുള്ള ചില സ്ത്രീകളുണ്ട്. അവരെക്കുറിച്ച്?

ഉത്തരം: അവർക്കു human beings-നെ സ്നേഹിക്കാൻ കഴിയുകയില്ല.

ചോദ്യം: സാഹിത്യകാരന്മാർക്ക് ഉപേക്ഷിക്കാൻ വയ്യാത്ത ഗുണങ്ങൾ ഏവ?

ഉത്തരം: തലച്ചോറും ഹൃദയവും. ഭാഗ്യക്കേടുകൊണ്ട് അവർക്ക് രണ്ടുമില്ല. തലച്ചോറില്ലാത്തതുകൊണ്ടു ഭ്രാന്ത് വരില്ല. ഹൃദയമില്ലാത്തതുകൊണ്ട് ഹൃദയസ്തംഭനം അവർക്ക ഒരിക്കലും ഉണ്ടാകുകയില്ല.

ചോദ്യം: ഛന്ദസ്സോടുകൂടി കവിതയെഴുതുന്നവരും അതില്ലാതെ കവിതയെഴുതുന്നവരും തമ്മിൽ എന്തേ വ്യത്യാസം?

ഉത്തരം: നീലാന്തരീക്ഷത്തിൽ ഭ്രമണം ചെയ്യുന്ന കൃഷ്ണപ്പരുന്താണ് ഛന്ദസ്സോടുകൂടി കവിതയെഴുതുന്നവൻ. ‘ചൊട്ടച്ചാൺ വഴി ദൂരം മാത്രം കഷ്ടിച്ചങ്ങു പറക്കും’ കോഴിയാണ് വൃത്തമില്ലാതെ കവിതയെഴുതുന്നവൻ.

മെനക്കെടുത്തൽ

പീനൽകോഡിൽ പല നിയമങ്ങളുണ്ട്. ആ നിയമങ്ങൾക്കനുസരിച്ച് ശിക്ഷാർഹരായ ആളുകൾ ഉണ്ടാവും. ഒരു നിയമവും വ്യർത്ഥമായിപ്പോവുകയില്ല. ഉദാഹരണത്തിന് ‘കഥയെഴുതി മനുഷ്യരെ ശല്യം ചെയ്യുന്നവർക്കു മൂന്നുവർഷം കഠിനതടവും പതിനായിരം രൂപ പിഴയും നല്ലാം” എന്നൊരു നിയമമുണ്ടെന്നിരിക്കട്ടെ. അതിനു സർവ്വഥാ യോഗ്യനായി ഒരാളെ കിട്ടാൻ പ്രയാസമുണ്ടെന്ന് നമുക്കു തോന്നും. ആ തോന്നൽ വെറുതേ. ദേശാഭിമാനി വാരികയിലെ “മായാബസാർ” എന്ന ചെറുകഥയെഴുതിയ ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടിക്ക് പീനൽകോഡിലെ ആ പരികല്പനയിൽ നിർബ്ബാധം ചെന്നു നില്ലാം. ഒറ്റപ്പാലം കോളേജിൽ വച്ചു കൂടിയ ഒരു സമ്മേളനത്തിൽ ഒരു ഭ്രാന്തൻ പ്രഭാഷണം നടത്തി. കാളിദാസൻ സാമൂഹികങ്ങളായ കാര്യങ്ങളെക്കുറിച്ച് ഒന്നും മിണ്ടിയിട്ടില്ലാത്തതു കൊണ്ട് അദ്ദേഹം കവിയല്ല എന്നായിരുന്നു അയാൾ പറഞ്ഞത്. മീറ്റിങ് കഴിഞ്ഞ് ഞങ്ങൾ വരാന്തയിൽ നിന്നപ്പോൾ ഒളപ്പമണ്ണ ആ പ്രഭാഷകനെ കളിയാക്കി. “കവിയല്ല കാളിദാസൻ എന്നുപറഞ്ഞത് വെറുതെയല്ല. ഒരു കാരണവും കൂടി കാണുമല്ലോ” എന്ന് അദ്ദേഹം പുച്ഛത്തിൽ പറഞ്ഞു. അതുപോലെ കൃഷ്ണൻകുട്ടിക്കും കഥയെഴുതിന് കാരണമുണ്ട്. വൈദ്യവസായികത്വവും മീഡിയ സംസ്കാരവും കുടുംബങ്ങളെ തകർത്തുകളയും എന്ന അഭിപ്രായത്തിന് ബഹിഃപ്രകാശനം നല്ലാനാണ് കൃഷ്ണൻകുട്ടി കഥയെഴുതിയത്. മാതൃകാ ദമ്പതികളായിരുന്നവർ ക്രമേണവ്യവസായത്തിന്റെ അധമത്വവുമായി ബന്ധപ്പെട്ട് മീഡിയ സംസ്കാരത്തിന്റെ പ്രലോഭനങ്ങൾക്ക വശംവദരാകുന്നതിനെ നിന്ദിക്കണം കഥാകാരൻ. പക്ഷേ, ആവിഷ്കാരത്തിന് സൗന്ദര്യമോ ശക്തിയോ ഇല്ല. അവിശ്വസനീയമായ അന്ത്യവും കഥയ്ക്ക്. മായാബസാറിൽ പോയ ഭാര്യ തിരിച്ചുവരുന്നില്ലത്രേ. പ്രതിപാദ്യവിഷയത്തിന്റെ വിശ്വസനീയതയ്ക്കുവേണ്ടി കഥാകാരൻ ഒരു സ്ത്രീയെ കഥയിൽനിന്ന് അപ്രത്യക്ഷയാക്കിക്കളയുന്നു. ഏതൊരു സ്കൂൾ കുട്ടിയും കൃഷ്ണൻകുട്ടിയെക്കാൾ ഈ വിഷയത്തെക്കുറിച്ച് നല്ല കഥയെഴുതും. അദ്ദേഹം വളരെക്കാലമായി വായനക്കാരെ മെനക്കെടുത്തുന്നു സ്വന്തം രചനകൾ കൊണ്ട്.

നിരീക്ഷണങ്ങൾ

സിമിത്തേരിയിൽ ദിനംപ്രതി ശവങ്ങൾ കുഴിച്ചിടുന്നു. മൺകൂന അതിന്റെ മുകളിൽ നിർമ്മിക്കുന്നു. ഏറി വന്നാൽ അമ്പതുസെന്റ് സിമിത്തേരിക്ക്. അതിൽ ഇത്രയും ശവങ്ങൾ എങ്ങനെ കുഴിച്ചിടുന്നു എന്നു ഞാൻ സംശയിച്ചിട്ടുണ്ട്. ആ സംശയത്തിന് അടിസ്ഥാനമില്ല. കാലംകഴിഞ്ഞ മൺകൂന തട്ടിക്കളഞ്ഞിട്ട് പുതിയ ശവം അവിടെ കിടത്തും. മൺകൂനയുണ്ടാക്കും. എത്ര ശവങ്ങൾ ഉണ്ടെങ്കിലും സിമിത്തേരിയിൽ അടക്കാം. കഥകൾ എത്ര പറയ്യയാണെങ്കിലും വാരികകൾ ധാരാളം. ഏതിലെങ്കിലും പബ്ലിഷ് ചെയ്യാം. പത്രാധിപർ പ്രതിഫലവും അയച്ചുകൊടുക്കും. അതു പണ്ടത്തെപ്പോലെയല്ല. നല്ല സംഖ്യയാണ് പ്രതിഫലമായി നല്ലുന്നത്. സാഹിത്യത്തിൽ ഒരു കഴിവുമില്ലാത്തവർ കഥാകാരന്മാരായി, കവികളായി വിലസുന്നു കേരളത്തിൽ.



ജോയിസ്

സംസ്കൃത കോളേജ് പ്രിൻസിപ്പലായിരുന്ന ഡോക്ടർ പി. കെ. നാരായണപിള്ളയോടൊരുമിച്ച് ഞാൻ നാഗർകോവിലിൽ ഒരു സമ്മേളനത്തിനു പോയി. തിരിച്ചു വരുമ്പോൾ സാറിന്റെ കാർഡ്രൈവർ പറഞ്ഞു “പെട്രോൾ തീരാറായി ഇവിടെയാണെങ്കിൽ അതു കിട്ടും. അല്പം കൂടി മുന്നോട്ടുപോയാൽ കാറ് നില്ലും. പെട്രോൾ ഒരിടത്തുനിന്നും കിട്ടുകയുമില്ല”. സാറിന്റെ കാറിലായിരുന്നു സമ്മേളനത്തിനുള്ള പോക്കും തിരിച്ചുള്ള യാത്രയും. സാറ് ഡ്രൈവറോടു ചോദിച്ചു—“തീരെത്തീർന്നോ പെട്രോൾ?” ഡ്രൈവർ പറഞ്ഞു: “തീരെത്തീർന്നു.” പി. കെ. ആജ്ഞാപിച്ചു “കാർ പോകട്ടെ പെട്രോൾ നമുക്കു ശരിപ്പെടുത്താം” ഡ്രൈവർ വാശിയോടുകൂടി ഓടിക്കാൻ തുടങ്ങി. രണ്ടു മൈൽ താണ്ടിയിരിക്കും. വാഹനം പൊടുന്നനെ നിന്നു. ആ സ്ഥലത്തോ അടുത്തുള്ള സ്ഥലങ്ങളിലോ പെട്രോൾ കിട്ടില്ല. സാറ് ഡ്രൈവറോടു പറഞ്ഞു. “അടുത്ത ബസ്സിൽ കയറി കിട്ടുന്ന സ്ഥലത്തുനിന്ന് പെട്രോൾ വാങ്ങിക്കൊണ്ടു വരൂ.” “എനിക്ക വയ്യ” എന്നു ഡ്രൈവറുടെ മറുപടി. അയാൾ രണ്ടുമണിക്കൂറോളം താടിക്കു കൈകൊടുത്തു ഇരുന്നു. പിന്നീട് റ്റിന്നെടുത്തു പിന്നിട്ടവഴിയിലേക്കു നടന്നു. ഒരു മണിക്കൂർ കഴിഞ്ഞ് അയാൾ തിരിച്ചെത്തി പെട്രോളുമായി. തിരുവനന്തപുരത്ത് ഞങ്ങൾ എത്തിയപ്പോൾ അർദ്ധരാത്രി കഴിഞ്ഞിരുന്നു. സാഹിത്യവാഹനത്തിന്റെ ഊർജ്ജം ഇല്ലാതായിപ്പോയിയെന്ന് നിരൂപകർ പറയാൻ തുടങ്ങിയിട്ട് കാലമേറെയായി. സാഹിത്യത്തിൽ പ്രവർത്തിക്കുന്നവർ—കവികളും കഥാകാരന്മാരും— വാഹനം മുന്നോട്ടു പോകട്ടെ എന്നാജ്ഞാപിച്ചുകൊണ്ടിരിക്കുന്നു. അതു നില്ലാറായി.

സാധാരണക്കാരായ മന്ത്രിമാർക്കു പകരം ഇന്റലെക്ച്വൽസ് (ധിഷണാശാലികൾ) രാജ്യം ഭരിച്ചാൽ അത് സ്വർഗ്ഗമാകുമെന്നതു തെറ്റിദ്ധാരണയാണ്. ഇന്റലെക്ച്വലിന് അമൂർത്തമായേ ചിന്തിക്കാൻ കഴിയൂ. അതു പ്രായോഗികതലത്തിൽ കൊണ്ടുവരാനും കഴിയുകയില്ല. ധിഷണാശാലികളല്ലാത്ത മന്ത്രിമാർ സാധാരണ ജീവിതത്തെ കണ്ടറിയും. അതിനോടൊത്തു അവർ നീന്തിത്തുടിക്കും. ധിഷണാശാലിക്ക് നിത്യജീവിതത്തോടു പുച്ഛമാണ്. സാധാരണ ജീവിതത്തെ അയാൾ അംഗീകരിക്കുന്നില്ല. ജീവിതത്തെ പ്രവാഹമായി കരുതിയാൽ അതിന്റെ തീരത്തു നില്ലുന്നവൻ മാത്രമാണ് ഇന്റലെക്ച്വൽ. അയാൾക്കു ജീവിതത്തിൽ ഒരു പരിവർത്തനവും വരുത്താൻ കഴിയുകയില്ല.

ഇന്റലെക്ച്വൽ മന്ത്രിയായാൽ പരാജയം സംഭവിക്കും. ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസമന്ത്രിയെന്ന നിലയിൽ പരാജയമടഞ്ഞു. ലൂക്കാച്ചിനെ അരിസ്റ്റോട്ടലിനോടു സമീകരിക്കുന്നു ചിലർ. മന്ത്രിയെന്ന നിലയിൽ അദ്ദേഹവും പരാജയപ്പെട്ടു. അതിനാൽ അമൂർത്തമായി മാത്രം ചിന്തിക്കുന്ന ധിഷണാശാലിയെ നമ്മൾ മന്ത്രിപദത്തിലേക്കു ഉയർത്തരുത്. ഇന്നത്തെ രീതിതന്നെയാണ് അഭിമാക്യം. ഫിലോസഫർ-കിങ് എന്ന ആശയം ആപത്തുണ്ടാക്കുന്നതാണ്.

സി. വി. രാമൻപിള്ള

ഞാൻ ബഹുമാനിക്കുന്ന ഒരു സാഹിത്യചിന്തകൻ സി. വി. രാമൻപിള്ളയെയും തകഴി ശിവശങ്കരപ്പിള്ളയെയും താരതമ്യപ്പെടുത്തി തകഴിയാണ് better artist എന്ന് പണ്ട് അഭിപ്രായപ്പെട്ടു. ഈ മതം അത്രകണ്ടു ശരിയാണോ എന്നതിൽ സംശയം. സി. വി.യുടെ കഥാപാത്രങ്ങൾ അവരുടെ സ്രഷ്ടാവിൽ നിന്ന് പരിപൂർണ്ണമായ മോചനം നേടിയവരാണ്. ഹരിപഞ്ചാനനനും ചന്ത്രക്കാറനും സി. വി. പറഞ്ഞാലും അനുസരിക്കുന്നവരല്ല. തകഴിയുടെ കഥാപാത്രങ്ങൾ നിർമ്മാതാവിനെ വിട്ടു നില്ലുന്നവരല്ല. സി. വിയുടെ കഥാപാത്രങ്ങൾ അവരുടേതായ ജീവിതം നയിക്കുന്നു. തകഴിയുടെ ചെമ്മീനിലെ പരീക്കുട്ടി നിഴലാണ്. അയാൾ തകഴിയെ ഒട്ടിനില്ലുന്നു. ‘കയറി’ലെ കഥാപാത്രങ്ങൾക്കും ഈ ന്യൂനതയുണ്ട്. അതിനാൽ സി. വി. രാമൻപിള്ളയെയും തകഴി ശിവശങ്കരപ്പിള്ളയെയും താരതമ്യപ്പെടുത്താൻ വയ്യ.

ഞാൻ കാസാനോവയുടെ ഓർമ്മക്കുറിപ്പുകൾ വായിച്ചിട്ടുണ്ട് വളരെ വളരെ വർഷങ്ങൾക്കു മുൻപ്. ലോകം കണ്ട വിഷയാസക്തന്മാരിൽ—ലമ്പടന്മാരിൽ— ഒന്നാമത്തെ സ്ഥാനമാണ് അയാൾക്ക്. ഒരു സ്ത്രീയോടുകൂടി ശയിച്ച ഒരു രാത്രിയാണ് തികഞ്ഞ ആഹ്ലാദം തനിക്കു പ്രദാനം ചെയ്തതെന്ന് അയാൾ ഓർമ്മക്കുറിപ്പുകളിൽ പറഞ്ഞിട്ടുണ്ട്. ആ സ്ത്രീയുടെ വയസ്സ് എത്രയായിരുന്നുവെന്നോ? വെറും എഴുപതു്. വിഷയാസക്തന്മാരുടെ മാനസികനില അസാധാരണം തന്നെ.

എന്തിന് പുരുഷന്മാരെ മാത്രം കുറ്റം പറയണം? വർഷങ്ങൾക്കു മുൻപ് ഞാൻ ഒരു സ്ഥലത്ത് സമ്മേളനത്തിൽ പ്രസംഗിക്കുന്നതിന് പോയി. സമ്മേളനം രാത്രി എട്ടുമണിക്കേ ആരംഭിക്കൂ. അത്രയും നേരം എനിക്കൊരു വീട്ടിൽ വിശ്രമിക്കേണ്ടതായി വന്നു. അല്പനേരം ആരെയും കണ്ടില്ല. പെട്ടെന്ന് ആകർഷകത്വമുള്ള ഒരു സ്ത്രീ ഞാനിരുന്ന സെറ്റിയിൽ വന്ന് ഇരുന്നു. അവരുടെ അടുത്തങ്ങനെ ഇരിക്കുന്നത് മോശമാണെന്ന് കരുതി ഞാൻ സെറ്റിയുടെ അറ്റത്തേക്കു നീങ്ങി. പിന്നെ എനിക്കു നീങ്ങാൻ സ്ഥലമില്ല. അവർ സംഭാഷണം തുടങ്ങി. സത്യസായി ബാബയെക്കുറിച്ചായിരുന്നു ശ്രീമതിയുടെ സംസാരം. പറഞ്ഞുപറഞ്ഞ് അവർക്ക് ഒരു ദിവസം പൂജാമുറിയിൽ എത്താൻ കഴിഞ്ഞില്ല എന്നറിയിച്ചു. ഞാൻ സംഭാഷണത്തിനു വേണ്ടി ‘എന്താ കഴിയാത്തത്?’ എന്ന് ചോദിച്ചു. അവരുടെ മറുപടി: “എന്റെ period ആയിരുന്നു സാർ അന്നും എന്റെ flow നിന്നിട്ടില്ലായിരുന്നു.” ഇതു കേട്ട എന്റെ വയസ്സ് അന്നു എത്രയായിരുന്നുവെന്നോ? വെറും എഴുപതു്.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്യ വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.